"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - കാട്ടാക്കട ടി.കെ. ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ദേവി ജനാർദ്ദനന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.4491/2026/GEDN തീയതി,തിരുവനന്തപുരം, 04-07-2026

പരാമർശം:-

1. കാട്ടാക്കട ടി.കെ.ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച 22/01/2026-ലെ റിവിഷൻ ഹർജി.
2. കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06.03.2026 ലെ AEOKTD/665/20235-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.03.2026 ലെ F1/4238/2026/DGE നമ്പർ കത്ത്.
4. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01.04.2026 - ലെ ഡിഡിഇ/1111/2026-B5 നമ്പർ കത്ത്.

ഉത്തരവ്

കാട്ടാക്കട ടി.കെ.ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി ദേവി ജനാർദ്ദനന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 04/04/2026-ൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടിരുന്നു.

2. മാനേജരുടെ വാദം:

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിലുള്ള എയ്ഡഡ് സ്കൂളാണ് പന്നിയോട് ടി.കെ. ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂൾ.

ശ്രീമതി ദേവി ജനാർദനൻ, 2019-2020 ലെ ഒരു അധിക ഡിവിഷൻ ഒഴിവിൽ 15/07/2019 മുതൽ പന്നിയോട് ടി.കെ.ഡി.എം. യു.പി.എസ്.ൽ യു.പി.എസ്. അധ്യാപികയായി നിയമിതയായി. 18/06/2024-ലെ G.O.(Rt) No.3845/2024/G.Edn പ്രകാരം പ്രസ്തുത നിയമനം സർക്കാർ അംഗീകരിച്ചു. എന്നാൽ, കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനത്തിന് അനുമതി നൽകിയില്ലെന്നും സർക്കാരിനോട് വിശദീകരണം തേടിയെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/07/2025-ലെ നമ്പർ-C/836080/2025 ഉത്തരവ് പ്രകാരം നിയമനത്തിന് അംഗീകാരം നൽകിയിരുന്നുവെന്നും അതനുസരിച്ച് ടിയാളുടെ സേവന

രജിസ്റ്ററും തുറന്നിരുന്നുവെന്നും തുടർന്ന്, 2022-23 കാലയളവിൽ ഡിവിഷൻ കുറവ് സംഭവിച്ചുവെന്നും അതിനാൽ ടിയാൾ പുറത്തായിയെന്നും അതനുസരിച്ച് ടിയാൾ റൂൾ 51A ചാപ്റ്റർ XIV A KER അവകാശിയായെന്നും 2023-2024 കാലയളവിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും സ്കൂളിന്റെ സ്റ്റാഫ് ഫിക്സേഷൻ ഓർഡർ പ്രകാരം ശ്രീമതി ജ്യോതി എസ്.ആർ. 31/03/2023-ൽ റിട്ടയേഡ് ചെയ്ത ഒഴിവ് ഉണ്ടായെന്നും അതുകൊണ്ട് 01/06/2023 മുതൽ ശ്രീമതി ദേവി ജനാർദനന് പുനർ നിയമനം നൽകിയിരുന്നുവെന്നും എന്നിരുന്നാലും ടിയാൾ 15/06/2022 മുതൽ തുടർച്ചയായി സ്കൂളിൽ ജോലി ചെയ്യുന്നുണ്ടെന്നും മാനേജരുടെ അറിവില്ലായ്മ കാരണം പുനർനിയമനത്തിനുള്ള ഔപചാരിക നിർദ്ദേശം യഥാസമയം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കൈമാറാൻ 2 വർഷവും 3 മാസവും കാലതാമസമുണ്ടായെന്നും ശ്രീമതി ദേവി ജനാർദനന്റെ പുനർനിയമനത്തിനുള്ള ഔപചാരിക നിർദ്ദേശം വൈകിയതിന്റെ പേരിൽ എ.ഇ.ഒ. അംഗീകാരം നിരസിച്ചുവെന്നും W(C)No.15853/2024(F)-01 14/06/2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം 21/06/2024 മുതൽ പ്രാബല്യത്തിൽ പുതിയ നിയമനങ്ങൾ നടത്തുന്നതിൽ നിന്നും മാനേജരെ പരിമിതപ്പെടുത്തി ഉത്തരവ് വന്നുവെന്നും മാനേജർ റൂൾ 51 എ അവകാശിയുടെ പുനർ നിയമനം യഥാസമയം അംഗീകരിച്ച് കൃത്യസമയത്ത് നടത്തിയിരുന്നെന്നും 01-06-2023 മുതൽ പ്രാബല്യത്തിൽ വന്ന സ്റ്റാഫ് ഫിക്സേഷൻ ഓർഡറിൽ UPST യുടെ ഒരു ഒഴിവ് പുതുതായി നിലവിൽ വന്നുവെന്നും അപ്രകാരം വ്യവസ്ഥാപിത ഒഴിവ് 01/06/2023 മുതൽ നിലവിലുണ്ടെന്നും ശ്രീമതി ദേവി ജനാർദ്ദനനു 01/06/2019 മുതൽ അംഗീകൃത സേവനമുണ്ടെന്നും റൂൾ 51A ചാപ്റ്റർ XIV A, KER പ്രകാരമുള്ള അവരുടെ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ വീണ്ടും നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് അവർക്ക് അർഹതയുണ്ടെന്നും 01/06/2019 മുതലുള്ള നിയമനാംഗീകാരം 03/07/2025 നു മാത്രമേ ലഭിച്ചുള്ളുവെന്നും മാനുഷിക കാരണങ്ങളാൽ മാപ്പനൽകാൻ അഭ്യർത്ഥിക്കുന്ന അജ്ഞത മൂലമാണ് മാനേജരുടെ ഭാഗത്തുനിന്ന് ഔപചാരിക പുനഃനിയമന നിർദ്ദേശം സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നും വസ്തുതാപരമായ പിഴവല്ലെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ദേവി ജനാർദനന്റെ പുനർ നിയമനം സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലെ കാലതാമസം മാപ്പാക്കി ശ്രീമതി ദേവി ജനാർദനന്റെ പുനർ നിയമനം 01/06/2023 മുതൽ അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരിക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്:

പന്നിയോട് റ്റി.കെ.ഡി.എം. യു.പി.എസ്. ന് 2019-20 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം രണ്ട് യു.പി.എസ്.റ്റി. അധിക തസ്തികകൾ അനുവദിച്ചിരുന്നു. ടി യു.പി.എസ്.ടി. അധിക തസ്തികയിൽ മാനേജർ ശ്രീമതി ദേവി ജനാർദ്ദനനെ 15/07/2019 മുതൽ നിയമിച്ചിരുന്നു. 15/07/2019 മുതലുള്ള അധിക യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിയും മാനേജർ പ്രൊപ്പോസൽ മാനുവൽ ആയോ സമന്വയ മുഖാന്തിരമോ സമർപ്പിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണവ്യവസ്ഥകൾക്ക് വിധേയമായി 15/07/2019 മുതൽ തസ്തിക നിലനിൽക്കുന്ന കാലയളവ് വരെ നിയമനാംഗീകാരം നൽകുന്നതിന് ശ്രീമതി ദേവി ജനാർദ്ദനൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 40157/2023 നുമേലുള്ള 01/12/2023 ലെ

വിധിന്യായം നടപ്പിലാക്കി 18/06/2024 തീയതിയിൽ സ.ഉ.(സാധാ)നം.3845/2024/പൊവിവ നമ്പർ ഉത്തരവായിരുന്നു.

സ.ഉ.(സാധാ)നം.3845/2024/പൊവിവ ഉത്തരവിന്മേൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. ആയത് പ്രകാരം 15/07/2019 മുതൽ തസ്തിക നിലനിൽക്കുന്ന കാലയളവ് വരെ ശ്രീമതി ദേവി ജനാർദ്ദനന് നിയമനാംഗീകാരം നൽകുമ്പോൾ 15/07/2019 മുതൽ 14/07/2021 വരെയുള്ള കാലളവ് G.O.(P)No.4/2021, J2/87/2020 G.O.(P)No.2/2023/GEDN അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകിയ ശേഷം 15/07/2021 മുതൽ തസ്തിക നഷ്ടം സംഭവിച്ചത് വരെയുള്ള കാലയളവായ 14/07/2022 വരെ ഹാജരില്ലാത്തതിനാൽ ജി.ഒ.(പി)നം.7/2022 പ്രകാരം നോൺ ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ് എന്ന് 29/04/2025-ലെ എ1/63/2025/പൊവിവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

സ.ഉ.(സാധാ)നം.3845/2024/പൊവിവ, 29/04/2025-ലെ എ1/63/2025/പൊവിവ നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീമതി ദേവി ജനാർദ്ദനന്റെ യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം 15/07/2019 മുതൽ 14/07/2021 വരെ താത്കാലികമായി അംഗീകരിച്ചും 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി യു.പി.എസ്.ടി. അധിക തസ്തിക നഷ്ടമായതിനാൽ 15/07/2021 മുതൽ തസ്തിക നഷ്ടം സംഭവിച്ചത് വരെയുള്ള കാലയളവായ 14/07/2022 വരെ നോൺ ഡ്യൂട്ടിയായും ക്രമീകരിച്ചും എ.ഇ.ഒ യിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2022-23 അധ്യയന വർഷത്തിൽ യു.പി.എസ്.റ്റി. അധിക തസ്തിക നഷ്ടമായതിനാൽ 15/07/2022 പ്രാബല്യത്തിൽ ശ്രീമതി ദേവി ജനാർദ്ദനൻ സംരക്ഷണാനുകൂല്യം ഇല്ലാതെ പുറത്തായിരുന്നു. ടി സ്കൂളിലെ പ്രധാനധ്യാപികയായിരുന്ന ശ്രീമതി ജ്യോതി എസ്.ആർ. 30/03/2023 ന് വിരമിച്ച ഒഴിവിലാണ് മാനേജർ ശ്രീമതി ദേവി ജനാർദ്ദനനെ 01/06/2023 മുതൽ നിയമിച്ചത്.

2023-24 അധ്യയനവർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം HM-1, UPST-2 എന്നിങ്ങനെ തസ്തികകൾ അനുവദിച്ചിരുന്നു. ടി സ്കൂളിൽ യു.പി.എസ്.ടി. ആയി ശ്രീമതി മുഹ്സിന എ.എസ്. ശമ്പളത്തോടെ ജോലി നോക്കി വരുന്നു. ടി യു.പി. അധ്യാപികയെ കൂടാതെ ടി സ്കൂൾ ന്യൂ സ്കൂളിന്റെ ഗണത്തിൽപ്പെടുന്നതിനാൽ സംരക്ഷിത അധ്യാപികയായ ശ്രീമതി സൂര്യ എസ്.എസ്., യു.പി. അധ്യാപികയായി ജോലി നോക്കുന്നുണ്ട്. പ്രധാനാധ്യാപിക വിരമിച്ച ഒഴിവിൽ മാനേജർ സീനിയർ അധ്യാപികയെ സ്ഥാനക്കയറ്റം നൽകി ഇതുവരെയും നിയമിച്ചിട്ടില്ല. ആയത് പ്രകാരം നിലവിലെ 2 U.P.S.T. തസ്തികയിലും അധ്യാപകർ ശമ്പളത്തോടെ ജോലി നോക്കുന്നുണ്ട്. കൂടാതെ 01/06/2023 മുതലുള്ള യു.പി.എസ്.റ്റി. തസ്തികയിലെ ശ്രീമതി ദേവി ജനാർദ്ദനന്റെ നിയമന അപേക്ഷ സമന്വയ മുഖേനയോ, മാന്വൽ ആയോ എ.ഇ.ഒ. യിൽ സമർപ്പിച്ചിട്ടില്ല.

ശ്രീ. ചെല്ലയ്യൻ നാടാർ ബഹു. ഹൈക്കോടതിൽ ഫയൽ ചെയ്ത WP(C)No. 15853/2024 നമ്പർ കേസിന്റെ 14/06/2024 ലെ ഇടക്കാലവിധി പ്രകാരം ശ്രീ.ചെല്ലയ്യൻ നാടാർക്ക് റ്റി.കെ.ഡി.എം. യു.പി.എസ്.-ലെ മാനേജറായി തുടരാവുന്നതും, എന്നാൽ പുതിയ നിയമനങ്ങൾ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും അനുമതി വാങ്ങിയ ശേഷമേ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. ചെല്ലയ്യൻ നാടാരെ റ്റി.കെ.ഡി.എം. യു.പി.എസ്.ലെ മാനേജറായി 21/06/2024 മുതൽ പുതിയ നിയമനങ്ങൾ

കോടതിയുടെ അനുമതി ലഭിച്ച ശേഷം മാത്രമേ നടത്താവൂ എന്ന നിബന്ധനയോടെ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രധാനധ്യാപിക തസ്തികയിലെ സീനിയർ അധ്യാപികയുടെ നിയമനവും ശ്രീമതി ദേവി ജനാർദ്ദനന്റെ് നിയമനവും ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ലഭിച്ച ശേഷം മാത്രമേ അംഗീകരിയ്ക്കുവാൻ കഴിയുകയുള്ളൂ.

01.06.2023 മുതലുള്ള പുനർനിയമനം സമർപ്പിക്കുന്നതിൽ 2 വർഷവും 3 മാസവും കാലതാമസവും ഉണ്ടായെന്നും ആയതിനാൽ പ്രസ്തുത കാലതാമസം മാപ്പക്കുന്നതിനു മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന് മറുപടിയായി, നിയമനം നടത്തുന്നതിനു ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ലഭ്യമായാൽ കാലതാമസം മാപ്പാക്കുന്നത് ആ സമയം പരിഗണിക്കുന്നതാണ് എന്ന് 16/10/2025 ലെ എഫ്1/17104/2025 കത്ത് പ്രകാരം ഡയറക്ടർ മാനേജരെ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കാട്ടാക്കട പന്നിയോട് ടി.കെ.ഡി.എം. യു.പി. സ്കൂളിലെ 2019-20 അധ്യായന വർഷം അനുവദിച്ച യു.പി.എസ്.ടി അധിക തസ്തികയിൽ ശ്രീമതി ദേവി ജനാർദ്ദനനെ 15/07/2019 മുതൽ നിയമിച്ചു. ബഹു:കോടതിയുടെ 01/12/2023 ലെ WP(C)No.40157/2023 ലെ വിധിപ്രകാരം 15/07/2019 മുതൽ തസ്തിക നിലനിൽക്കുന്ന കാലയളവ് വരെ ടി നിയമനത്തിന് നിയമന അംഗീകാരം ലഭിച്ചിരുന്നു. 15/07/2021 മുതൽ 14/07/2022 വരെ ഹാജർ ഇല്ലാത്തതിനാൽ ടി കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുകയും ചെയ്തു. 15/07/2019 മുതൽ 14/07/2021 വരെ നിയമന അംഗീകാരം ലഭിച്ചിട്ടുള്ള ശ്രീമതി ദേവി ജനാർദ്ദനൻ 51A അവകാശി ആയിരിക്കെ 2022-23 അധ്യായന വർഷം തസ്തിക നഷ്ടപ്പെട്ട് പുറത്തായി. തുടർന്ന് 01/06/2023 മുതൽ ടി സ്കൂളിലെ പ്രധാന അധ്യാപികയായിരുന്ന ശ്രീമതി ജ്യോതി എസ്.ആർ. 31/03/2023 ന് വിരമിച്ച ഒഴിവിൽ മാനേജർ നിയമിച്ചു.

5. 01/06/2023 മുതലുള്ള പുനർനിയമനം സമർപ്പിക്കുന്നതിൽ രണ്ടു വർഷവും മൂന്നു മാസവും കാലതാമസം ഉണ്ടായി, പ്രധാന അധ്യാപിക വിരമിച്ച ഒഴിവിൽ സീനിയർ അധ്യാപികയെ സ്ഥാനക്കയറ്റം നൽകി നിയമിക്കാത്തതിനാൽ രണ്ട് യു.പി. തസ്തികകളിലും അധ്യാപകർ ശമ്പളത്തോടുകൂടി ജോലി നോക്കുന്നുണ്ട് എന്നതിനാലും ടി സ്കൂളിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ.ചെല്ലപ്പൻ നാടാർ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)15953/2024 കേസിന്റെ 14/06/2024 ലെ ഇടക്കാല വിധിപ്രകാരം ശ്രീ.ചെല്ലപ്പൻ നാടാർക്ക് മാനേജരായി തുടരാവുന്നതും എന്നാൽ പുതിയ നിയമനങ്ങൾ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും അനുമതി വാങ്ങിയ ശേഷമേ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും ആണ് നിലവിൽ ശ്രീമതി ദേവി ജനാർദ്ദനന് 01/06/2023 മുതലുള്ള നിയമനം അംഗീകരിക്കാത്തത്.

6. ശ്രീമതി ദേവി ജനാർദ്ദനന്റെ പുനർ നിയമനം സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി ശ്രീമതി ദേവി ജനാർദ്ദനനെ നിയമിച്ച ഒഴിവ് 01/06/2023 മുതൽ വ്യവസ്ഥാപിതമാണ് എന്നത് പരിഗണിച്ച് WP(C)15853/2024 ലെ 14/6/2024 ലെ ഇടക്കാല വിധിപ്രകാരം 21/06/2024 മുതൽ മാത്രമാണ് പുതിയ നിയമനങ്ങൾ നടത്തുന്നതിന് തടസ്സം ഉള്ളതിനാൽ ശ്രീമതി ദേവി ജനാർദ്ദനന്റെ 01/06/2023 മുതലുള്ള പുനർ

നിയമനം അംഗീകരിച്ചു കിട്ടണം എന്നുള്ളതാണ് ഹർജിക്കാരന്റെ ആവശ്യം.

7. നിലവിലെ ഭിന്നശേഷി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണലായി ശമ്പളസ്കെയിലിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് 51 (എ) അവകാശം ലഭിക്കുന്നതിനുള്ള മറ്റ് നിർദ്ദിഷ്ട യോഗ്യതകൾ (ഒരു അക്കാദമിക വർഷത്തെ സർവ്വീസ്, തസ്തികയ്ക്ക് വേണ്ടതായ പൂർണ്ണയോഗ്യത) ഉണ്ടെങ്കിൽ, 51 (എ) അവകാശത്തിന് സമാനമായ അവകാശം നൽകികൊണ്ട് പുനർ നിയമനം നൽകാവുന്നതാണെന്ന് 25/03/2025 തീയതിയിലെ GE-JR1/3/2025-GEDN, 04/05/2025 തീയതിയിലെ ജെ.ആർ.1/140/2025/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

8. റിട്ട് ഹർജി നം. 15853/2024 മേലുള്ള 14/06/2024 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ശ്രീ ചെല്ലയ്യൻ നാടാർക്ക് റ്റി.കെ.ഡി.എം. യു.പി.എസ്. ലെ മാനേജറായി തുടരാവുന്നതാണെന്നും എന്നാൽ പുതിയ നിയമനങ്ങൾ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും അനുമതി വാങ്ങിയ ശേഷമേ പാടുള്ളൂ എന്നും ബഹു കോടതി ഉത്തരവിട്ടിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി ദേവി ജനാർദ്ദനന്റേത് പുതിയ നിയമനമല്ലെന്നും, ചട്ടം അവകാശിക്ക് സമാനമായ പുനർ നിയമനമാണെന്നതും കണക്കിലെടുത്ത്, ടി നിയമനം നടത്തുന്നതിനായി കോടതിയുടെ അനുമതി തേടി, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുള്ള കാലതാമസം മാപ്പാക്കി, 01/06/2023 മുതലുള്ള യു.പി.എസ്.റ്റി. തസ്തികയിലെ ശ്രീമതി ദേവി ജനാർദ്ദനന്റെ പുനർ നിയമനത്തിന്, മറ്റ് വിധത്തിലും ക്രമപ്രകാരമെങ്കിൽ, നിലവിലെ ഭിന്നശേഷി ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകുവാൻ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. മേൽ പ്രകാരം കാട്ടാക്കട ടി.കെ. ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ദേവി ജനാർദ്ദനന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ദേവി ജനാർദ്ദനൻ, യു.പി.എസ്.റ്റി.,
ടി.കെ.ദിവാകരൻ മെമ്മോറിയൽ യു.പി.സ്കൂൾ, പന്നിയോട്, കാട്ടാക്കട.
മാനേജർ, ടി.കെ.ദിവാകരൻ മെമ്മോറിയൽ യു.പി. സ്കൂൾ,
പന്നിയോട്, കാട്ടാക്കട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാട്ടാക്കട
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (ജെ.എ.1/230/2026-പൊ.വി.വ. നമ്പർ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ1/34/2026/പൊ.വി.വ.).

ഉത്തരവിൻ പ്രകാരം
Signed by
Aji Kumar R
Date: 04-07-2026 17:33:29